LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലം കേന്ദ്രീകരിച്ച് കബഡി അക്കാദമി

221 (5111) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലം കേന്ദ്രീകരിച്ച് ആരംഭിക്കാനിരിക്കുന്ന കബഡി അക്കാദമിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കോഴിക്കോട് നഗരത്തിൽ സർക്കാർ ഉടമസ്ഥതയിൽ നീന്തൽക്കുളം

222 (5112) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സർക്കാർ ഉടമസ്ഥതയിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പരിഗണിച്ചുവരുന്നു.

കുമ്പളം, മരട്, കുമ്പളങ്ങി, ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്നതിന് നടപടി

223 (5113) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്ന പദ്ധതിയിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കുമ്പളം, മരട്, കുമ്പളങ്ങി, ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 1. എറണാകുളം ജില്ലാ പഞ്ചായത്ത്.

2. കീരമ്പാറ ഗ്രാമപഞ്ചായത്ത്.

3. പാറക്കടവ് ഗ്രാമപഞ്ചായത്ത്

4. മാറാടി ഗ്രാമപഞ്ചായത്ത്.

5. വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്.

(ബി) ഒരു വാർഡിൽ ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം പദ്ധതി പ്രകാരം ഈ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നിർമ്മാണം

224 (5114) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നിർമ്മാണ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിർമ്മാണങ്ങളാണ് നടത്തുന്നത് ; ഏതൊക്കെ പൂർത്തിയായെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം ഇപ്പോൾ നടത്തുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ നിർമ്മാണം എത്ര നാളിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇൻഡോർ സ്റ്റേഡിയം, ഹോസ്റ്റൽ, സെൻട്രൽ ഫെസിലിറ്റി ബ്ലോക്ക്, ഫുട്ബോൾ ഗ്രൗണ്ട്, പവലിയൻ, ട്രാക്ക്, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്, ജമ്പിംഗ് പിറ്റ്, സമ്പ്, സെപ്റ്റിക് ടാങ്ക്, കോർട്ട് ഫോർമേഷൻ, ട്രാക്ക് ലിഫ്റ്റിംഗ് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ മേൽ നോട്ടത്തിൽ സിഡ്കോയാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്.

(സി) 2010 സെപ്റ്റംബറോടുകൂടി പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.'

LIBRARY ARCHIVES Kerala Legislative Assembly